## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1829** | **20-06-2024 - ൽ മറുപടിയ്ക്ക്**

## ഭിന്നശേഷിക്കാർക്ക് നൽകുന്ന യു.ഡി.ഐ.ഡി കാർഡിന്റെ പ്രയോജനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഭിന്നശേഷിക്കാർ ഉണ്ടെന്നുള്ള വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | 2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം 7,93,937 ഭിന്നശേഷിക്കാരാണ് സംസ്ഥാനത്ത് നിലവിലുള്ളത്. |
| (ബി) | ഭിന്നശേഷിക്കാർക്ക് നൽകുന്ന യു.ഡി.ഐ.ഡി കാർഡിന്റെ പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് യു.ഡി.ഐ.ഡി. കാർഡ്, അല്ലെങ്കിൽ യു.ഡി.ഐ.ഡി. എൻറോൾമെന്റ് നമ്പരും അംഗീകൃത ഭിന്നശേഷി സർട്ടിഫിക്കറ്റും ആവശ്യമാണ്. ഭിന്നശേഷിക്കാർക്ക് 2016 ലെ ഭിന്നശേഷി അവകാശ നിയമപ്രകാരമുള്ളതടക്കമുള്ള വിവിധ അവകാശങ്ങളും ആനുകൂല്യങ്ങളും അനുവദിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് (Unique Disability Card - UDID) അധികാരികരേഖയായി അംഗീകരിച്ച് സംസ്ഥാന സർക്കാർ ബി3/5/2023/സാ.നീ.വ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി കാർഡ് നൽകാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും UDID കാർഡ് നൽകുന്നതിലേക്കായി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.10.2023-ന് ചേർന്ന യോഗത്തിൽ, സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും UDID കാർഡ് നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നാഷണൽ സർവ്വീസ് സ്കീം (NSS)-ലെ വോളന്റീർമാരുടെ സേവനം പ്രയോജനപ്പെടുത്തി, UDID രജിസ്ട്രേഷൻ campaign നടത്തുന്നതിനായി കേരള സാമൂഹ്യസുരക്ഷാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ഭിന്നശേഷി സർട്ടിഫിക്കറ്റ് ഇല്ലാത്ത അപേക്ഷകരെ DMO രൂപീകരിക്കുന്ന Disability Assessment Medical Board പരിശോധിച്ച് വിലയിരുത്തിയ ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി |

സർട്ടിഫിക്കറ്റും UDID-യും നൽകുകയാണ് ചെയ്യുന്നത്. ഭിന്നശേഷിക്കാർക്ക് വേഗത്തിൽ UDID ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2023-24 സാമ്പത്തിക വർഷം 121 വികേന്ദ്രീകൃത ക്യാമ്പുകൾ സംഘടിപ്പിച്ചു. കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളിലും, താലൂക്ക് ആശുപത്രികളിലും നിശ്ചിത ദിവസങ്ങളിൽ ഭിന്നശേഷി അസസ്മെന്റ് ബോർഡ് കൂടുന്നുമുണ്ട്.

ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉള്ളവർക്ക് അവരുടെ അപേക്ഷയും ഭിന്നശേഷി സർട്ടിഫിക്കറ്റും ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് മെഡിക്കൽ റെക്കമെന്റേഷൻ നൽകുകയും ഇതിനെ തുടർന്ന് അവരുടെ യു.ഡി.ഐ.ഡി. ജനറേറ്റ് ചെയ്തു നൽകുകയും ചെയ്യുന്നു. ഈ വിഭാഗത്തിൽ 4534 അപേക്ഷകൾ മാത്രമേ സംസ്ഥനത്ത് തീർപ്പ് കൽപിക്കാൻ അവശേഷിക്കുന്നുള്ളൂ. പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തന്മുദ്ര എന്ന വെബ്സൈറ്റ് വികസിപ്പിക്കുകയും എൻ.എസ്.എസ്. വോളന്റീർമാരുടെയും അംഗനവാടി പ്രവർത്തകരുടെയും സഹകരണത്തിൽ UDID സമ്പൂർണ രജിസ്ട്രേഷൻ ക്യാമ്പയ്ൻ തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിനായി പ്രൈവറ്റ് ഡോക്ടർമാരുടെ പാനൽ തയ്യാറാക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ അസസ്മെന്റ് കഴിഞ്ഞ ഭിന്നശേഷിക്കാർക്ക് ഓൺ ലൈൻ മുഖേന യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതിന് സംസ്ഥാനത്തെ നൂറിലധികം വരുന്ന വയോമിത്രം മെഡിക്കൽ ഒഫിസർമാരുടെ സേവനം ഉപയോഗിച്ചുവരുന്നു.

ഡി.എം.ഒ. തല പരിശോധനയിൽ വിവിധ അപാകതകളാൽ കാർഡു നൽകാൻ കഴിയാതെ 1 ലക്ഷത്തിൽ പരം അപേക്ഷകരുണ്ട്. ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ നിയമ സഭ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള അദാലത്തുകൾ നടത്തി വരുന്നു. 2023-24 സാമ്പത്തിക വർഷം 240 അദാലത്തുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 29/4/2024 വരെ 5,03,333 UDID കാർഡിനുവേണ്ടി അപേക്ഷ ലഭിച്ചു. ഇവരിൽ 3,35,614 ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡുകൾ (UDID) നൽകുകയുണ്ടായി. രാജ്യത്ത്

| | | | |
|---|---|---|---|
| | | | കൂടുതൽ കാർഡ്ഡ് നൽകിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ 9-ാം സ്ഥാനം ഈ കേരളത്തിന് ലഭിച്ചിട്ടുണ്ട്.<br><br>നിലവിൽ കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള www.swavlambancard.gov.in വെബ് സൈറ്റ് പ്രവർത്തനം മെയ് 2024 മുതൽ പുനക്രമീകരണം നടത്തുന്നതിനാൽ കാർഡ്ഡ് നൽകുന്ന പ്രവർത്തനങ്ങളിൽ തടസം നിലവിൽ നേരിട്ടു കൊണ്ടിരിക്കുന്നു. ഈ ബുദ്ധിമുട്ടുകൾ കേന്ദ്ര സർകാരിനെ യഥാസമയം അറിയിച്ച് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | വാമനപുരം മണ്ഡലത്തിൽ നിലവിൽ എത്ര ഭിന്നശേഷിക്കാർ ഉണ്ടെന്നും അതിൽ എത്ര പേർ പ്രസ്തുത കാർഡിനായി അപേക്ഷിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് അവ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ഡി) | 2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ 5654 ഭിന്നശേഷിക്കാരാണ് ഉള്ളത്.<br><br>കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള www.swavlambancard.gov.in വെബ് സൈറ്റ് പ്രവർത്തനം മെയ് 2024 മുതൽ പുനക്രമീകരണം നടത്തിയതിനാൽ UDID കാർഡിന് അപേക്ഷിച്ചിട്ടുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്ക മാത്രമേ നിലവിൽ ലഭിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ